ഭരണഭാഷ - മാതൃഭാഷ

**DCETVM/9581/2026-G3** കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം- **695033**
ഫോൺ : **04712303107**
**email:dcedirectorate@gmail.com**
തീയതി: **28-11-2026**

## സർക്കുലർ

**വിഷയം:** കോളേജ് വിദ്യാഭ്യാസ വകുപ്പ് - സർക്കാർ/എയ്ഡഡ് കോളേജുകളിലെ പഠനയാത്ര/വിനോദയാത്ര - അനുമതിയും നിബന്ധനകളും സംബന്ധിച്ച്.

**സൂചന:**

1. **22/05/2026**-ലെ **DCETVM/10409/2024-G3** നമ്പർ സർക്കുലർ.
2. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ **07/10/2026**-ന് ചേർന്ന യോഗതീരുമാനം.
3. ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ **29/10/2026**-ലെ **F3/189/2026-H.Edn** നമ്പർ സർക്കാർ കത്ത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നുള്ള പഠനയാത്ര/വിനോദയാത്ര എന്നിവയുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും താഴെ പറയുന്ന പ്രകാരമാണ്:

1. രാജ്യത്തിനകത്തുള്ള പഠനയാത്രകൾക്കും/വിനോദയാത്രകൾക്കും അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് (സർക്കാർ/എയ്ഡഡ്) അനുമതി നൽകാവുന്നതാണ്.
2. അനുമതി നൽകുന്നതിനുമുമ്പ് താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ



File No. DCETVM/9581/2026-G3 (Computer No. 397284)
Generated from eOffice by Kiran GS, G 3 DCE, G3 DCE, COLLEGIATE EDUCATION DIRECTORATE on 28/11/2026 12:11 PM

ഉറപ്പുവരുത്തേണ്ടതാണ്: (എ) നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ (ഇതോടൊപ്പം ചേർക്കുന്നു). (ബി) സിലബസ്സിൽ പഠനയാത്രയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പേജുകളുടെ, ബന്ധപ്പെട്ട വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (സി) പഠനയാത്ര പാഠ്യപദ്ധതിയുടെ ഭാഗമാണെന്ന് സാക്ഷ്യപ്പെടുത്തി വകുപ്പ് മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്. (ഡി) യാത്രാ പരിപാടിയുടെ വിശദമായ ഷെഡ്യൂളും വിദ്യാർത്ഥികളുടെ പട്ടികയും (പ്രായം, ലിംഗഭേദം തുടങ്ങിയ വിവരങ്ങൾ സഹിതം).

3. സർക്കാർ അനുവദിക്കുന്ന തുക (പ്ലാൻ ഫണ്ട്) വിനിയോഗിച്ചുകൊണ്ടുള്ള പഠനയാത്രകളുടെ മറവിൽ വിനോദയാത്ര സംഘടിപ്പിക്കാൻ പാടുള്ളതല്ല. ഓരോ കോഴ്സിന്റെയും വിഷയവുമായി ബന്ധപ്പെട്ട് പഠനാവസരങ്ങൾ ലഭിക്കുന്ന സ്ഥാപനങ്ങളിലേക്കോ പഠനമേഖലകളിലേക്കോ സ്ഥലങ്ങളിലേക്കോ ആണ് യാത്ര സംഘടിപ്പിക്കേണ്ടത്. ഈ അടിസ്ഥാനത്തിൽ പ്രസക്തവും അനുയോജ്യവുമായ സ്ഥാപനങ്ങൾ/മേഖലകൾ തിരഞ്ഞെടുത്ത് അവയുടെ വിശദാംശങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒരു ദിവസത്തെ പഠനയാത്രയാണെങ്കിൽ കുറഞ്ഞത് ഒരു പഠനസ്ഥാപനമെങ്കിലും (സിലബസ്സിൽ പ്രത്യേക സ്ഥാപനം നിർദ്ദേശിച്ചിട്ടില്ലാത്ത കോഴ്സുകൾക്ക് അനുയോജ്യമായ പഠനമേഖല) ഉൾപ്പെടുത്തണം. ഒന്നിലധികം ദിവസങ്ങളുള്ള പഠനയാത്രകളിൽ കുറഞ്ഞത് മൂന്ന് സ്ഥാപനങ്ങളെങ്കിലും (അല്ലെങ്കിൽ അനുയോജ്യമായ പഠനമേഖലകൾ/സ്ഥലങ്ങൾ) ഉൾപ്പെടുത്തേണ്ടതാണ്. പഠനം നടത്തിയ സ്ഥാപനങ്ങൾ/മേഖലകൾ/സ്ഥലങ്ങൾ എന്നിവ വ്യക്തമാക്കുന്ന ജിയോ-ടാഗ് ചെയ്ത **(Geo-tagged)** ഫോട്ടോകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് യാത്രയ്ക്ക് ശേഷം പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം തുടർപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

4. സിലബസ്സിൽ നിഷ്കർഷിച്ചിട്ടുള്ള ദിവസങ്ങൾക്കുള്ളിലോ, യാത്രാസമയം **(halt)** ഉൾപ്പെടെ പരമാവധി **10 ദിവസങ്ങൾക്കുള്ളിലോ** ആയി യാത്ര പരിമിതപ്പെടുത്തേണ്ടതാണ്.

5. പഠനയാത്ര/വിനോദയാത്ര എന്നിവയിൽ വിദ്യാർത്ഥികളെ അനുഗമിക്കുന്നതിനായി കഴിയുന്നതും അതത് ഡിപ്പാർട്ട്മെന്റിലെ അധ്യാപകരെ (സ്ഥിരം/ഗസ്റ്റ്) മാത്രമേ ഉൾപ്പെടുത്താവൂ.

6. പെൺകുട്ടികൾ പങ്കെടുക്കുന്ന പഠനയാത്രകളിൽ/വിനോദയാത്രകളിൽ ഒരു വനിതാ അധ്യാപിക നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അതേ ഡിപ്പാർട്ട്മെന്റിൽ വനിതാ അധ്യാപിക ഇല്ലാത്ത സാഹചര്യത്തിൽ



File No. DCETVM/9581/2026-G3 (Computer No. 397284)

Generated from eOffice by Kiran GS, G 3 DCE, G3 DCE, COLLEGIATE EDUCATION DIRECTORATE on 28/11/2026 12:11 PM

മറ്റൊരു ഡിപ്പാർട്ട്മെന്റിലെ വനിതാ അധ്യാപികയെ ഉൾപ്പെടുത്താവുന്നതാണ്. ഒരു വനിതാ അധ്യാപികയുടെയും സേവനം ലഭ്യമാകാത്ത അടിയന്തര സാഹചര്യത്തിൽ, വ്യക്തമായ കാരണം രേഖപ്പെടുത്തി അതേ കോളേജിലെ അനധ്യാപക വനിതാ ജീവനക്കാരിയെ ഉൾപ്പെടുത്താം. കോളേജിലെ ഒരു വനിതാ ജീവനക്കാരിക്കും പങ്കെടുക്കാൻ കഴിയാത്ത അതിയായ അടിയന്തര സാഹചര്യങ്ങളിൽ മാത്രം, പ്രിൻസിപ്പലിന്റെയും വകുപ്പ് മേധാവിയുടെയും അതത് ഡിപ്പാർട്ട്മെന്റിലെ അധ്യാപകരുടെയും പൂർണ്ണ ഉത്തരവാദിത്തത്തിൽ, ബന്ധപ്പെട്ട വനിതാ രക്ഷകർത്താവിന്റെ രേഖാമൂലമുള്ള സമ്മതപത്രത്തോടെ ഒരു വനിതാ രക്ഷകർത്താവിനെ ഉൾപ്പെടുത്താവുന്നതാണ്.

7. **20:1** എന്ന വിദ്യാർത്ഥി-അധ്യാപക അനുപാതത്തിലാണ് യാത്രകളിൽ അധ്യാപകരെ നിയോഗിക്കേണ്ടത്. എങ്കിലും, **20** വരെയുള്ള വിദ്യാർത്ഥികൾ പങ്കെടുക്കുന്ന യാത്രകളിലും പരമാവധി **2** അധ്യാപകരെ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ, സർക്കാർ സംഗീത കോളേജുകളിൽ **10:1** (**10** വിദ്യാർത്ഥികൾക്ക് ഒരാൾ) എന്ന അനുപാതത്തിൽ അധ്യാപകരെ നിയോഗിക്കാവുന്നതാണ്.

8. ബി.എസ്.സി./എം.എസ്.സി. വിദ്യാർത്ഥികളുടെ പഠനയാത്രകളിൽ, ആവശ്യമെങ്കിൽ അതത് ഡിപ്പാർട്ട്മെന്റിലെ ഒരു ലാബ് അസിസ്റ്റന്റിനെയും കൂടി ഉൾപ്പെടുത്താവുന്നതാണ്. ബോട്ടണി വിഭാഗത്തിന് ഒരു ലാബ് അസിസ്റ്റന്റിനെയോ ഹെർബേറിയം കീപ്പറെയോ ഉൾപ്പെടുത്താം.

9. പ്രിൻസിപ്പലിൽ നിന്നും മുൻകൂർ അനുമതി ലഭിച്ച അധ്യാപകർക്കും ജീവനക്കാർക്കും മാത്രമേ യാത്രയിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ. ഇത്തരത്തിൽ അനുവദിക്കപ്പെടുന്നവർക്ക് യാത്രാദിവസങ്ങൾ 'ഡ്യൂട്ടി' ആയി പരിഗണിക്കാവുന്നതാണ്. അനുഗമിക്കാൻ നിയോഗിക്കപ്പെട്ട അധ്യാപകർക്ക് യാത്രയിൽ പങ്കെടുക്കാൻ കഴിയാതെ വരികയോ നിശ്ചയിച്ച തീയതികളിൽ മാറ്റം വരുത്തുകയോ ചെയ്യേണ്ടി വന്നാൽ, വകുപ്പ് മേധാവി വ്യക്തമായ കാരണങ്ങൾ സഹിതം പ്രിൻസിപ്പലിനെ അറിയിക്കേണ്ടതും പ്രിൻസിപ്പൽ ഉചിതമായ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

10. വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തുന്നതും, ആഡംബര വിളക്കുകളും അരോചകമായ ശബ്ദസംവിധാനങ്ങളും ഘടിപ്പിക്കുന്നതുമായ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരികയാണ്.



File No. DCETVM/9581/2026-G3 (Computer No. 397284)

Generated from eOffice by Kiran GS, G 3 DCE, G3 DCE, COLLEGIATE EDUCATION DIRECTORATE on 28/11/2026 12:11 PM

അതിനാൽ, നിയമപരമായ പെർമിറ്റും സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നതും അനധികൃത രൂപമാറ്റങ്ങൾ വരുത്താത്തതുമായ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ മാത്രമേ പഠനയാത്രയ്ക്കും/വിനോദയാത്രയ്ക്കും ഉപയോഗിക്കാൻ പാടുള്ളൂ. വിദ്യാർത്ഥികളുടെ യാത്രയ്ക്ക് രക്ഷകർത്താക്കളുടെ സമ്മതം നേടിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, യാത്ര ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ **(RTO)** ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ **(JRTO)** യാത്രാവിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും നിബന്ധനകളും ഈ സർക്കുലർ പുറപ്പെടുവിക്കുന്ന തീയതി മുതൽ ആരംഭിക്കുന്ന എല്ലാ പഠനയാത്രകൾക്കും/വിനോദയാത്രകൾക്കും ബാധകമായിരിക്കും.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്

**1.**എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

**2.**എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും

**3.**എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും

**4.**ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്



File No. DCETVM/9581/2026-G3 (Computer No. 397284)

Generated from eOffice by Kiran GS, G 3 DCE, G3 DCE, COLLEGIATE EDUCATION DIRECTORATE on 28/11/2026 12:11 PM